പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 2784 | 17.10.2016 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

## മായം ചേർത്ത ഭക്ഷ്യസാധനങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പി.കെ.ബഷീർ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് വിൽക്കപ്പെടുന്ന പാക്കറ്റ് പാൽ, വെളിച്ചെണ്ണ, കറിമസാലകൾ ഇവയിൽ പലതിലും അപകടകരമാംവിധം മായം കലർന്നതാണെന്ന മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ഇതു സംബന്ധിച്ച് ഭക്ഷ്യ സുരക്ഷാ വിഭാഗം ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ; ഏതൊക്കെ കമ്പനികളുടെ പാക്കറ്റ് പാൽ, വെളിച്ചെണ്ണ, കറിമസാലകൾ ഇവയിലാണ് മായം കലർത്തിയതായി കണ്ടെത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | ബി)<br>സി) | അന്വേഷണം നടത്തിയിട്ടുണ്ട്. കഴിഞ്ഞ നാല് വർഷമായി പാക്കറ്റ് പാലുകളൊന്നും നിരോധിച്ചിട്ടില്ല. 26 ബ്രാൻഡുകളിലുള്ള വെളിച്ചെണ്ണകൾക്ക് ഗുണനിലവാരമില്ലെന്ന് പരിശോധനയിൽ കണ്ടെത്തിയതിനാൽ അവ നിരോധിച്ചിട്ടുണ്ട്. നിറപറ എന്ന കമ്പനിയുടെ കറിമസാലകൾ നിരോധിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത വിഷയം സംബന്ധിച്ചകേസ് ഇപ്പോൾ ഹൈക്കോടതിയുടെ പരിഗണനയിലാണ്. |
| സി) | ഭക്ഷ്യ വസ്തുക്കളിൽ ശരീരത്തിന് ദോഷകരമാം വിധം മായം കലരുന്നത് പരിശോധിച്ച് കണ്ടെത്തിയാൽ ഇത്തരം കമ്പനികൾക്കെതിരെ എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; അത്തരം കമ്പനികളുടെ പേരുകൾ വെളിപ്പെടുത്തുമോ; | | ശരീരത്തിന് ദോഷകരമാം വിധം മായം കലരുന്നത് പരിശോധിച്ച് കണ്ടെത്തിയാൽ ഇത്തരം കമ്പനികൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതാണ്. അത്തരം കമ്പനി ഉടമകളുടെ പേരുകൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | പ്രസ്തുത കമ്പനികൾ ഇതേ തെറ്റ് ആവർത്തിച്ചാൽ ഭക്ഷ്യ സുരക്ഷാ നിയമപ്രകാരം എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | ഡി) | പ്രോസിക്യൂഷൻ കേസ്സുകളിൽ ഇത്തരം കമ്പനികൾക്കെതിരെ വിധി ഉണ്ടാകുകയാണെങ്കിൽ അത്തരം കമ്പനികളെ തുടർന്ന് പ്രവർത്തിക്കാൻ അനുവദിക്കുന്നതല്ല. |

സെക്ഷൻ ഓഫീസർ